# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4005 — 27.06.2012ൽ മറുപടിയ്ക്ക്

## 'കബോംബ' ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നം

ചോദ്യം : ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവയ്ക്ക് പിന്നാലെ കബോംബ എന്ന അമേരിക്കൻ ജലസസ്യം കേരളത്തിലെ ജലാശയങ്ങളിൽ വ്യാപിച്ച് അപകടകരമായ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ജലത്തിലെ പ്രാണവായു വലിച്ചെടുക്കുകയും, ഒഴുകി വരുന്ന മണ്ണും ചെളിയും തടഞ്ഞ് ജലാശയങ്ങളുടെ ആഴം കുറയ്ക്കുകയും, ഇവയുടെ ശിഖരങ്ങൾ പൊന്തികിടന്ന് സൂര്യപ്രകാശം ജലത്തിലെത്തുന്നതു തടഞ്ഞ് ജൈവസന്തുലിതാവസ്ഥയെ തകിടം മറിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് അടിയന്തിര പ്രാധാന്യം നൽകി ഇവയെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകുമോ ? | (എ)&(ബി) കുളവാഴ, ആഫ്രിക്കൻ പായൽ എന്നിവ കേരളത്തിലെ ജലാശയങ്ങളിൽ വ്യാപിച്ച് അപകടകരമായ പാരിസ്ഥിതിക പ്രശ്നമുണ്ടാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ജലാശയങ്ങളിൽ വ്യാപിച്ചിരിക്കുന്ന കബോംബ എന്ന അമേരിക്കൻ ജലസസ്യം ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ആയത് നേരിടുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ